## Food Safety and Standards (Packaging and Labelling) Regulations –2011 പ്രകാരം പാക്കറ്റ് ഭക്ഷ്യ വസ്തുക്കളുടെ ലേബലിങ്ങ് സംബന്ധിച്ച് പാലിക്കേണ്ട വ്യവസ്ഥകൾ

- എല്ലാ ഭക്ഷ്യ വസ്തുക്കളുടെ പാക്കറ്റിലും നിയമാനുസൃത ലേബൽ ഉണ്ടായിരിക്കണം.
- ലേബൽ ഇംഗ്ലീഷിലോ ഹിന്ദി (ദേവനാഗ്രി ലിപി) യിലോ ആയിരിക്കണം.
- ലേബൽ വിവരങ്ങൾ വ്യക്തവും എളുപ്പത്തിൽ വായിക്കാൻ കഴിയുന്നതും മായാത്തതും പാക്കറ്റിൽ നിന്ന് വേർപെട്ട് പോകാത്തതും ആയിരിക്കണം.

### ലേബലിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട വിവരങ്ങൾ:

**1. ഭക്ഷ്യ വസ്തുവിന്റെ പേര്:**

ഭക്ഷ്യ വസ്തുവിന്റെ ട്രേഡ് നെയിം, വിവരണം എന്നിവയാകാം.

**2. അടങ്ങിയിരിക്കുന്ന ഘടകങ്ങൾ:**

ഒരു ഘടകം മാത്രം അടങ്ങിയവയിൽ ഒഴികെ ഘടകങ്ങളുടെ ലിസ്റ്റ് ഭാരത്തിന്റെയോ വ്യാപ്തത്തിന്റെയോ അവരോഹണ ക്രമത്തിൽ രേഖപ്പെടുത്തണം.

ഏതെങ്കിലും ഘടകം ഒന്നിൽ കൂടുതൽ ഘടകങ്ങൾ ചേർന്നുണ്ടായതാണെങ്കിൽ (compound ingredient) അവയുടെ ലിസ്റ്റ് ബ്രാക്കറ്റിൽ അവരോഹണ ക്രമത്തിൽ രേഖപ്പെടുത്തണം.( compound ingredient ആകെ ഭക്ഷ്യ വസ്തുവിന്റെ 5% ത്തിൽ താഴെയാണെങ്കിൽ ഫുഡ് അഡിറ്റീവിന്റെ കാര്യത്തിൽ ഒഴികെ ഇപ്രകാരം രേഖപ്പെടുത്തേണ്ടതില്ല)

**3. പോഷകാംശങ്ങളെക്കുറിച്ചുള്ള വിവരം:**

100 g അല്ലെങ്കിൽ 100 ml ൽ അടങ്ങിയ എനർജി കിലോ കലോറിയിൽ രേഖപ്പെടുത്തണം.

അന്നജം, മാംസ്യം, കൊഴുപ്പ് എന്നിവ g/ml ൽ രേഖപ്പെടുത്തണം.
അടങ്ങിയിരിക്കുന്ന ഫാറ്റി ആസിഡിന്റെ അളവ്, ഇനം, കൊളസ്ട്രോളിന്റെ അളവ് എന്നിവ സ്ംബന്ധിച്ച് അവകാശ വാദം ഉന്നയിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ പാക്കറ്റിൽ സാചുറേറ്റഡ് ഫാറ്റിആസിഡ്സ്, മോണോ അൺസാചുറേറ്റഡ് ഫാറ്റി ആസിഡ്സ്, പോളി അൺസാചുറേറ്റഡ് ഫാറ്റി ആസിഡ്സ് എന്നിവ ഗ്രാമിലും, കൊളസ്ട്രോൾ മില്ലിഗ്രാമിലും രേഖപ്പെടുത്തണം. കൂടാതെ ട്രാൻസ് ഫാറ്റി ആസിഡിന്റെ അളവ് ഗ്രാമിൽ രേഖപ്പെടുത്തണം.

Raw agricultural commodities like wheat, rice, cereals, spices, spice mixes, herbs, condiments, table salt, sugar, jaggery, soluble tea, coffee, soluble coffee, coffee chicory mixture, packaged drinking water, packaged mineral water തുടങ്ങിയവയിൽ nutritional information രേഖപ്പെടുത്തണമെന്ന് നിർബന്ധമില്ല.

Hydrogenated vegetable fats or bakery shortening ഉപയോഗിച്ചിരിക്കുന്ന ഭക്ഷ്യ വസ്തുക്കളിൽ ഈ വിവരം നിർബന്ധമായും രേഖപ്പെടുത്തണം. ' hydrogenated vegetable fats or bakery shortening used- contains trans fats'

**NUTRITIONAL INFORMATION**

| | Per 100 g | Per serving (5 g) |
|---|---|---|
| Energy (Kcal) | 376.00 | 18.80 |
| Protein (g) | 4.00 | 0.20 |
| Total lipid (fat) (g) | 0.00 | 0.00 |
| Saturated Fatty Acids | 0.00 | 0.00 |
| Poly Unsaturated Fatty Acids | 0.00 | 0.00 |
| Mono Unsaturated Fatty Acids | 0.00 | 0.00 |
| Trans Fatty Acids | 0.00 | 0.00 |
| Cholesterol (mg) | 0.00 | 0.00 |
| Total Carbohydrate (g) | 90.00 | 4.50 |
| Total Sugars (g) | 33.50 | 1.68 |
| Caffeine (mg) | 1600.00 | 80.00 |
| Vitamin B-3 (mg) | 28.00 | 1.40 |
| Vitamin B-6 (mg) | 4.00 | 0.20 |
| Chromium (mcg) | 50.00 | 2.50 |

**Ingredients:** Maltodextrin, Fructose, Citric Acid (INS 330), Caffeine Anhydrous, Green Tea Extract, Green Coffee Extract, Guarana Seed Extract, Orange Pekoe Extract, Vitamin & Mineral Premix and Sucralose (INS 955).
CONTAINS ADDED NATURAL IDENTICAL FLAVOURING SUBSTANCES. CONTAINS ARTIFICIAL SWEETENER.

CONTAINS CAFFEINE

No Added Color | No Added Preservatives

Made in India

BEST BEFORE 18 MONTHS FROM MANUFACTURE

Net Weight: 150g

### 4. വെജിറ്റേറിയൻ /നോൺ വെജിറ്റേറിയൻ ലോഗോ:

നോൺവെജിറ്റേറിയൻ ഭക്ഷ്യ വസ്തുക്കളുടെ ലോഗോ ബ്രൗൺ ബോഡറുള്ള സമചതരുത്തിനകത്ത് നിശ്ചിത വ്യാസമുള്ള ബ്രൗൺ നിറത്തിലുള്ള വൃത്തം എന്നതും വെജിറ്റേറിയൻ ഭക്ഷ്യ വസ്തുക്കളുടേത് പച്ച ബോഡറുള്ള സമചതരുത്തിനകത്ത് നിശ്ചിത വ്യാസമുള്ള പച്ച നിറത്തിലുള്ള വൃത്തം എന്നതുമാണ്. നോൺവെജിറ്റേറിയൻ ഘടകമായി egg മാത്രം വരുന്നവയിൽ ആ വിവരം രേഖപ്പെടുത്തേണ്ടതാണ്. ഭക്ഷ്യ വസ്തുവിന്റെ പേരിന് അടുത്തായി ലോഗോ രേഖപ്പെടുത്തണം.

### 5. ഫുഡ് അഡിറ്റീവ് സംബന്ധിച്ച വിവരം:

Colour, flavour എന്നിവ ചേർത്തിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരം capital letter ൽ list of ingredients ന് താഴെ രേഖപ്പെടുത്തണം.

### 6. നിർമ്മാതാവിന്റെ പൂർണ്ണമായ മേൽവിലാസം:

Manufacturer, packer or bottler എന്നിവരുടെ പൂർണ്ണമായ മേൽവിലാസം നിർബന്ധമായും രേപ്പെടുത്തണം. ഇറക്കുമതി ചെയ്ത ഭക്ഷ്യ വസ്തുക്കളിൽ ഇന്ത്യയിലെ ഇറക്കുമതിക്കാരന്റെ പൂർണ്ണമായ മേൽവിലാസം നിർബന്ധമായും രേഖപ്പെടുത്തണം

### 7. ഭക്ഷ്യവസ്തുവിന്റെ അളവ് :

ഭക്ഷ്യവസ്തുവിന്റെ ഭാരം/ വ്യാപ്തം/ എണ്ണം നിർബന്ധമായും രേഖപ്പെടുത്തണം

### 8. ലോട്ട് നമ്പർ/ കോഡ് നമ്പർ/ ബാച്ച് നമ്പർ.

ലോട്ട് നമ്പർ/ കോഡ് നമ്പർ/ ബാച്ച് നമ്പർ നിർബന്ധമായും രേഖപ്പെടുത്തണം (It is a mark of identification by which the food can be traced in the manufacture and identified in the distribution.)

പാൽ, ബ്രഡ് എന്നിവയുടെ പാക്കറ്റിൽ lot/batch നമ്പർ രേഖപ്പെടുത്തണമെന്ന് നിർബന്ധമില്ല.

### 9. നിർമ്മിച്ച / പാക്ക് ചെയ്ത തിയ്യതി:

Date, Month, Year എന്ന ക്രമത്തിൽ രേഖപ്പെടുത്തണം.

Best before date മൂന്ന് മാസത്തിൽ കൂടുതൽ ആണെങ്കിൽ month and year of manufacture, packing or pre-packing രേഖപ്പെടുത്തണം.




**10. ബെസ്റ്റ് ബിഫോർ/ കാലാവധി തിയ്യതി:**

ഷെൽഫ് ലൈഫ് 7 ദിവസത്തിൽ കൂടുതൽ ഇല്ലാത്ത ഭക്ഷ്യവസ്തുക്കളുടെ പാക്കറ്റിൽ use by date നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ഇവയുടെ നിർമ്മാണ തീയ്യതി രേഖപ്പെടുത്തണമെന്നില്ല.

Infant milk substitute, infant foods, aspartame(an artificial sweetener) എന്നിവയുടെ പാക്കറ്റിൽ best before date ന് പകരം use by date/recommended last consumption date/expiry date നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

Wines, liquors, alcoholic beverages containing 10 percent or more by volume of alcohol എന്നിവയിൽ best before date രേഖപ്പെടുത്തേണ്ടതില്ല.

*"**Best before**" means the date which signifies the end of the period under any stated storage conditions during which the food shall remain fully marketable and shall retain any specific qualities for which tacit or express claims have been made and beyond that date, the food **may still be perfectly safe to consume**, though its quality may have diminished. However the food shall not be sold if at any stage the product becomes unsafe.*

*"**Use – by date**" or "Recommended last consumption date" or "Expiry date" means the date which signifies the end of the estimated period under any stated storage conditions, after which the food probably will not have the quality and safety attributes normally expected by the consumers and the food **shall not be sold**;*

**11. ഇറക്കുമതി ചെയ്ത ഭക്ഷ്യ വസ്തുക്കളിൽ ഉൽപാദിപ്പിച്ച രാജ്യത്തിന്റെ വിവരം.**

**12. ഉപയോഗിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.**

**13. FSSAI ലോഗോ & ലൈസൻസ് നമ്പർ:** FSSAI ലോഗോ & ലൈസൻസ് നമ്പർ നിർബന്ധമായും രേഖപ്പെടുത്തണം.

fssai
Lic. No. xxxxxxxxxxx

*The display of **fssai logo** on the label of the food product is not a mark of certification but it signifies that the Food Business Operator **holds a valid license** under FSS Act-2006*